# വിവരാവകാശ കമ്മീഷൻ നിയമം ലംഘിക്കുമ്പോൾ

പി.എം. രവീന്ദ്രൻ

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ലഭിച്ച ഏറ്റവും ലളിതവും സംക്ഷിപ്തവുമായ നിയമങ്ങളിൽ ഒന്നാണ് 2005-ൽ പ്രാബല്യത്തിൽ വന്ന വിവരാവകാശ നിയമം. ഇതു പ്രകാരം വിവരം തേടുന്ന ഏതൊരു പൗരനും അത് 30 ദിവസത്തിനുള്ളിൽ നൽകണമെന്ന് നിയമം അനുശാസിക്കുന്നു. ഈ സമയപരിധിക്കുള്ളിൽ നൽകിയില്ലെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന് പിഴ ചുമത്തേണ്ട ബാദ്ധ്യതയാണ് വിവരാവകാശ കമ്മീണർമാരിൽ നിക്ഷിപ്തമായിരിക്കുന്നത്. പിഴ ചുമത്തുന്നതിനുള്ള മാനദണ്ഡം നിയമപ്രകാരം ഒന്നേ ഉള്ളു. നൽകേണ്ട വിവരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നൽകിയില്ലെങ്കിൽ അതിന് ശേഷമുള്ള ഓരോ ദിവസത്തെ കാലതാമസത്തിനും 250 രൂപ പിഴ. ഈ പിഴ മൊത്തത്തിൽ 25,000 രൂപ വരെ പോകാം. എന്നാൽ അത്തരത്തിൽ പിഴ അടച്ചശേഷം വിവരം നൽകാതെ രക്ഷപ്പെടാൻ പറ്റുമോ? തീർച്ചയായും ഇല്ല. 30 ദിവസത്തിന് ശേഷം അപേക്ഷകൻ ആവശ്യപ്പെട്ട വിവരം സൗജന്യമായി നൽകണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. പിഴ അർഹിക്കുന്ന കൃത്യവിലോപം വരുത്തിയ ഉദ്യോഗസ്ഥർക്ക് നിയമം അനുശാസിക്കുന്ന പിഴ ചുമത്തേണ്ടത് നിർബന്ധമാണ്. ഇവിടെ കമ്മീഷണർമാർക്ക് വിവേചന അധികാരം നൽകിയിട്ടില്ല. ഇത് വളരെ ശ്രദ്ധേയമായ വിഷയമാണ്. കാരണം അത്തരം വിവേചനാധികാരം നൽകിയിരുന്നുവെങ്കിൽ പിന്നീട് അത് ദുരുപയോഗത്തിന് വഴിവെക്കുമായിരുന്നു എന്നത് സുനിശ്ചിതമാണ്. ഉദാഹരണത്തിന് 25,000 രൂപ പിഴയൊടുക്കേണ്ട ഉദ്യോഗസ്ഥനിൽനിന്ന് 15,000 രൂപ കൈക്കൂലി വാങ്ങി പിഴ വിധിക്കാതിരുന്നാൽ ഈ നിയമത്തിന്റെ കാതലായ ലക്ഷ്യംപോലും അട്ടിമറിക്കപ്പെട്ടും. എന്തായാലും ഈ കമ്മീഷന്റെ ഇന്നേവരെയുള്ള പ്രവർത്തനം അവലോകനം ചെയ്യുമ്പോൾ ഇത്തരം കൊള്ളരുതായ്മകൾ ഇപ്പോൾ തന്നെ നടക്കുന്നില്ലേ എന്നറിയാൻ ഒരു സ്റ്റിംഗ് ഓപ്പറേഷൻ നടത്തേണ്ട കാലം അതിക്രമിച്ചോ എന്ന് പോലും സംശയിക്കേണ്ടിയിരിക്കുന്നു. ബഹുഭൂരിപക്ഷം കേസുകളിലും പിഴചുമത്താതിരിക്കുന്ന കമ്മീഷൻ പിഴചുമത്താൻ എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നത് എന്നതിന്ന് കമ്മീഷനിൽ നിന്ന് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടി-ഒരു മാനദണ്ഡവുമില്ല എന്നത് - സുതാര്യതക്കുള്ള ഈ കമ്മീഷന്റെ തന്നെ സുതാര്യതയെ ചോദ്യം ചെയ്യുന്നതാണ്. എന്തായാലും ഈ നിയമത്തിന്റെ പരിധിയിൽ കള്ളക്കളി കളിക്കാൻ ആർക്കും അവസരമില്ല എന്നത് സത്യം. പക്ഷെ ഇല്ലാത്ത അധികാരങ്ങൾ സ്വയം വ്യാഖ്യാനിച്ചുണ്ടാക്കി കള്ളക്കളികൾക്ക് അവസരമുണ്ടാക്കുകയാണ് സംസ്ഥാന വിവരാവകാശ കമ്മീഷൺ. ഇതിന്റെ മകുടോദാഹരണമാണ് സംസ്ഥാന വിവരാവകാശ കമ്മീഷണിൽ നിന്നും പാലക്കാട്ടെ ആർ.ഡി.ഓ-യ്ക്ക് രേഖാമൂലം ലഭിച്ച നിർദ്ദേശം. ഒരുപാട് വ്യക്തികളും സംഘടനകളും ആ ഓഫീസിലൂടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ അയക്കുന്നുണ്ടെന്നും മേലിൽ അത്തരം അപേക്ഷകൾ സ്വീകരിക്കരുതെന്നും അതാത് ഓഫീസുകളിലേക്ക് നേരിട്ടയക്കാൻ നിർദ്ദേശിക്കണമെന്നുമാണ് വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 4-ന് കടകവിരുദ്ധമായിട്ടുള്ള വിവരാവകാശ കമ്മീഷന്റെ ഉത്തരവ്.

http://infokerala.org.in എന്ന കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വെബ്സൈറ്റിലൂടെ ഒന്ന് കറങ്ങിയാൽ ഈ കമ്മീഷന്റെ പ്രവർത്തനത്തിലുള്ള കെടുകാര്യസ്ഥത ആർക്കും ബോധ്യമാവും. സെക്ഷൻ 4 പ്രകാരം കമ്മീഷനുൾപ്പെടെയുള്ള എല്ലാ പബ്ലിക് അതോറിറ്റിയും 2005 ഒക്ടോബർ 12-ന് മുൻപ് നിർബന്ധമായും വെളിപ്പെടുത്തേണ്ട ഒരുപാട് വിവരങ്ങൾ ഉണ്ട്-ആ ഓഫീസിലെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടേയും ജോലിയും ശമ്പളവും അടക്കമുള്ള വിവരങ്ങൾ. എന്നാൽ വിവര സാങ്കേതികവിദ്യയുടെ എല്ലാ സൗകര്യങ്ങളോടും കൂടി പ്രവർത്തനമാരംഭിച്ച വിവരാവകാശ കമ്മീഷൻ തന്നെ പ്രവർത്തനമാരംഭിച്ച് രണ്ടുവർഷമാകുമ്പോഴും ഇത്തരത്തിലുള്ള ഒരു വിവരവും ഈ വെബ്സൈറ്റിൽ പോലും ലഭ്യമാക്കിയിട്ടില്ല എന്നത് ചോദ്യം ചെയ്യപ്പേടേണ്ട കാര്യമാണ്. ഈ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന വിവരമനുസരിച്ച് കമ്മീഷനിൽ ഇപ്പോഴും രണ്ട് കമ്മീഷണർമാരെ നിലവിലുള്ളു. പക്ഷെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കെല്ലാം അറിയാം കമ്മീഷണർമാർ എന്ന പേരിൽ നാലുപേരെങ്കിലും ശമ്പളവും മറ്റാനുകൂല്യങ്ങളും പറ്റാൻ തുടങ്ങിയിട്ട് വർഷം ഒന്നിൽ കൂടുതൽ ആയെന്ന്. ഇനി കമ്മീഷന്റെ തീരുമാനങ്ങൾ എങ്ങിനെയാണെന്ന് തേടിചെന്നാലോ? കമ്മീഷനിലേക്കയക്കുന്ന പരാതികളും അപ്പീലുകളും രജിസ്റ്റർ ചെയ്യുന്നത് മുതൽ തീരുമാനങ്ങൾ എടുക്കുന്നതുവരെയുള്ള രീതിയും തീരുമാനങ്ങളും തന്നെ ചോദ്യം ചെയ്യപ്പെടേണ്ട അവസ്ഥയിലാണ്.

നമ്മുടെ കോടതികളിൽ ലിഖിതമായി തന്നെ ഒരു നിയമമുണ്ട് - ഒരു ജഡ്ജിയുടെ കോടതിയിൽ ആ ജഡ്ജിയുടെ ബന്ധുക്കളാരും വക്കീലായി ഹാജരാകരുതെന്ന്. ഈ നിയമത്തിൽ തന്നെ കാലോചിതമായി മാറ്റം ആവശ്യമാണെന്നു കണ്ട ഒരു

(ശേഷം 32-ാം പേജിൽ)